മേൽപറഞ്ഞ സാഹചര്യങ്ങളിൽ കേന്ദ്ര ധനകാര്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് കേന്ദ്ര സഹായം നൽകുന്നത് ആസൂത്രണ കമ്മിഷന്റെ ബന്ധപ്പെട്ട ഉപദേഷ്ടാവിന്റെ നിർദ്ദേശം കിട്ടിയശേഷം മാത്രമായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി നിർദ്ദിഷ്ട നിധിയിൽനിന്ന് കേന്ദ്രസഹായം നൽകുന്ന രീതി നാലാം പദ്ധതിക്കു മുൻപുണ്ടായിരുന്ന സ്ഥിതിവിശേഷം തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞ മുപ്പതു വർഷങ്ങളായി തുടർന്നു പോരുന്ന രീതിയെ തകിടം മറിക്കുന്നതിനും ഇടയാക്കുന്നതാണ്. മാത്രമല്ല, നിർദ്ദിഷ്ഠ നിധി രൂപീകരിക്കുക വഴി സംസ്ഥാനങ്ങൾക്ക് നൽകിവരുന്ന 'ബ്ലോക് അസിസ്റ്റൻസ്' കുറയുന്നതിനും സാദ്ധ്യതയുണ്ട്. മാസഗഡുക്കളായി നൽകിവരുന്ന കേന്ദ്രസഹായത്തിൽ മാറ്റം വരുത്തുന്നത് സംസ്ഥാനങ്ങളുടെ ധനലഭ്യതയേയും പ്രതികൂലമായി ബാധിക്കും. പ്രസ്തുത മാറ്റങ്ങൾ ദേശീയ വികസന സമിതിയിൽ എടുത്തിട്ടുള്ള ചില തീരുമാനങ്ങൾക്ക് വിരുദ്ധവുമാണ്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് അനുവർത്തിച്ചു വരുന്ന ഇന്നത്തെ രീതി തുടരണമെന്ന് ആസൂത്രണ കമ്മിഷനോടും കേന്ദ്രസർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള രീതി തുടരുന്നതിനു വേണ്ടി മറ്റു സംസ്ഥാനങ്ങളുമായി യോജിച്ച് കൂട്ടായ പരിശ്രമം തുടരുന്നതാണ്.

8 (*158) പ്രാദേശിക ടൂറിസം വികസനത്തിന് അതോറിറ്റികൾ

<u>ശ്രീ. വി.ജെ. പൗലോസ്</u> :

<u>ശ്രീ. എം. മുരളി</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനം ലക്ഷ്യമിട്ട് പ്രാദേശികമായി അതോറിറ്റികൾ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അതോറിറ്റികളുടെ ഘടന എപ്രകാരമായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം ഈ അതോറിറ്റികളുമായി ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പഞ്ചായത്ത് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങളുടെ അധികാരങ്ങൾ നൽകിക്കൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആണോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) വികസനം ലക്ഷ്യമിട്ട് മുൻകാലങ്ങളിൽ ആരംഭിക്കാൻ നടപടി തുടങ്ങിയ പല അതോറിറ്റികളും സാങ്കേതിക കാരണങ്ങളാൽ വേണ്ടെന്നുവച്ച

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നയത്തിൽ ഇപ്പോൾ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വികസനപ്രവർത്തനങ്ങൾ ആസൂത്രിതമായ രീതിയിലും നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായ രീതിയിലും പ്രകൃതിസൗന്ദര്യത്തിനും പരിസ്ഥിതിക്കും സാംസ്ക്കാരിക പൈതൃകത്തിനും കോട്ടം തട്ടാത്തരീതിയിലും നടക്കുന്നു എന്നത് ഉറപ്പുവരുത്തുക, ടൂറിസം രംഗത്തെ ചൂഷണം ഒഴിവാക്കുക ആ പ്രദേശത്തിന്റെ വാഹക ശേഷിക്ക് അനുസൃതമായ രീതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്കു കോട്ടം തട്ടാതെ നോക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിറുത്തി പ്രസ്തുത കേന്ദ്രങ്ങളിൽ ടൂറിസം വികസന അതോറിറ്റികൾ രൂപീകരിക്കുക എന്നൊരു നിർദ്ദേശം പരിഗണനയിൽ ഉണ്ട്.

(ബി) ഘടന തീരുമാനിക്കപ്പെട്ടിട്ടില്ല.

(സി) ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്ക് വിഘാതം വരാത്തരീതിയിലും അവയുടെ സ്വതന്ത്രസ്വഭാവത്തെ ദോഷകരമായി ബാധിക്കാത്ത രീതിയിലും ആയിരിക്കണം ഏതൊരു അതോറിറ്റിയും പ്രവർത്തിക്കേണ്ടത് എന്നതാണ് ഗവണ്മെന്റിന്റെ നയം.

(ഡി) പഞ്ചായത്ത് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ യാതൊരു അതോറിറ്റിക്കും കൈമാറുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ഗവണ്മെന്റിന്റെ പ്രഖ്യാപിത നയത്തിൽ നിന്നുള്ള വ്യതിയാനങ്ങളൊന്നും ഉദ്ദേശിക്കപ്പെട്ടിട്ടില്ല. അതോറിറ്റി രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

9 (*159) വിദേശസഹായത്തോടെയുള്ള ആശുപത്രി സംരംഭം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ സഹായത്തോടെയുള്ളതോ വിദേശപങ്കാളിത്തത്തോടെയുള്ളതോ ആയ എത്ര ആശുപത്രി നിർമ്മാണ സംരംഭങ്ങളുടെ കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഏർപ്പെട്ട ഓരോ കരാറിന്റെയും വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പരസ്പരം കരാറിലേർപ്പെടുകയും പിന്നീട് പ്രസ്തുത കരാറിൽ നിന്നും പിൻമാറുകയും ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly